# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2439** 07.02.2019-ൽ മറുപടിക്ക്

### ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ നിർമ്മാണം

| | ചോദ്യം<br>ശ്രീ. കെ.ജെ. മാക്സി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടമൺ-കൊച്ചി വൈദ്യുതി ലൈനിന്റെ നിർമ്മാണം ആരംഭിച്ചത് എന്നുമുതൽ എന്നും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ; | (എ) | ഇടമൺ- കൊച്ചി 400 കെ.വി ലൈൻ നിർമ്മാണം കരാർ പ്രകാരം നൽകിയത് 2008 മാർച്ചിൽ തുടങ്ങി 2010 മാർച്ചിൽ പൂർത്തിയാക്കാനായിരുന്നു പദ്ധതി. നാലു ജില്ലകളിലും പണികൾ ആരംഭിച്ചെങ്കിലും, സ്ഥല ഉടമകളുടെ ശക്തമായ എതിർപ്പ് മൂലം കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. അന്ന് വരെ 36% ടവർ ഫൗണ്ടേഷനുകളും 20% ടവർ ഇറക്ഷൻ ജോലികളും 7% ലൈൻ വലിക്കലും പൂർത്തിയായിരുന്നു. തുടർന്നു 2015- ൽ പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും നിരന്തര ചർച്ചകൾ നടത്തുകയും ചെയ്തതിന്റെ ഫലമായി 09.03.2017 - ൽ നിർമ്മാണം പുനരാരംഭിച്ചു. ഇപ്പോൾ ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഈ ലൈനിന്റെ 98% ഫൗണ്ടേഷൻ ജോലികളും 96% ടവർ നിർമ്മാണവും 69% ലൈൻ വലിക്കുന്ന ജോലിയും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട 326 മെഗാവാട്ട് വൈദ്യുതി പ്രസരണ നഷ്ടമില്ലാതെ സംസ്ഥാനത്തെത്തിക്കേണ്ട ഇടമൺ-കൊച്ചി 400 കെ.വി. ലൈൻ കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ എപ്പോൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കൂടംകുളം ആണവവൈദ്യുത നിലയത്തിൽ നിന്നും കേരളത്തിന്റെ വൈദ്യുതി വിഹിതമായ 266 മെഗാവാട്ട് പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്ത് എത്തിക്കുന്നതിന് വേണ്ടി നിർമ്മിക്കുന്ന ഇടമൺ-കൊച്ചി ലൈൻ പദ്ധതി 2019 മാർച്ച് 31 - ഓടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു, |
| (സി) | പ്രസ്തുത ഇടമൺ-കൊച്ചി 400 കെ.വി. ലൈനിന്റെ പ്രവൃത്തികൾ നിലവിലെ സർക്കാർ വരുന്നതുവരെ എത്ര ശതമാനം പണികൾ നടന്നു എന്നും ശേഷം നാളിതുവരെ എത്ര ശതമാനം പൂർത്തീകരിച്ചു എന്നും വ്യക്തമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ 36% ടവർ ഫൗണ്ടേഷനുകളും 20% ടവർ ഇറക്ഷൻ ജോലികളും 7% ലൈൻ വലിക്കലും പൂർത്തിയായിരുന്നു. ഇപ്പോൾ 98% ഫൗണ്ടേഷൻ ജോലികളും 96% ടവർ നിർമ്മാണവും 69% ലൈൻ വലിക്കുന്ന ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സംസ്ഥാനത്തുള്ള സ്ഥാപിത പ്രസരണ ശേഷി എത്രയെന്നും ഇടമണൽ-കൊച്ചി ലൈൻ പ്രവർത്തന ക്ഷമമായാൽ ആയത് എത്രയാക്കി വർദ്ധിപ്പിക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | (ഡി) | നിലവിൽ സംസ്ഥാനത്തിലേയ്ക്ക് വൈദ്യുതി ഇറക്കുമതി ചെയ്യുവാനുപയോഗിക്കുന്ന ലൈനുകളുടെ സ്ഥാപിതശേഷി ഏകദേശം 4000 മെഗാവാട്ട് (unconstrained) ആകുന്നു. ഇടമൺ-കൊച്ചി 400 കെ.വി ലൈൻ പൂർത്തിയാകുന്നതോടെ ഈ ശേഷി എകദേശം 2000 മെഗാവാട്ട് കൂടി വർദ്ധിക്കുന്നതാണ്. |

Hemalatha

സെക്ഷൻ ഓഫീസർ